# തുഞ്ചത്തെഴുത്തച്ഛൻ
# മലയാളസർവ്വകലാശാല

വാക്കാട് പോസ്റ്റ്, മലപ്പുറം – 676 502.

[Email- careers@temu.ac.in]


നമ്പർ–11/B–2/2025/അഡ്മിൻ                                                                 തിയ്യതി : 19 –11–2025

## അറിയിപ്പ്

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാലയിൽ അസിസ്റ്റന്റ്, അസിസ്റ്റന്റ് (ഫിനാൻസ്), അസിസ്റ്റന്റ് (ഐ ക്യു എ സി) എന്നീ തസ്തികകളിലേക്ക് (കരാറടിസ്ഥാനത്തിൽ) അറിയിപ്പ് നമ്പർ – 13/2025 പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാ ഉദ്യോഗാർഥികൾക്കുമായി ഒരു പ്രാഥമിക എഴുത്തുപരീക്ഷ താഴെ കൊടുത്തിരിക്കുന്ന സമയക്രമമനുസരിച്ച് നടത്തുന്നതാണ്.

| | |
|---|---|
| ദിവസം | 29–11–2025 (ശനിയാഴ്ച) |
| സമയം | രാവിലെ 10.30 മണി |
| റിപ്പോർട്ട് ചെയ്യേണ്ട സ്ഥലം | തുഞ്ചൻ മെമ്മോറിയൽ ഗവൺമെന്റ് കോളേജ്, വാക്കാട്, തിരൂർ *(തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലക്ക് സമീപം)* |
| **റിപ്പോർട്ട് ചെയ്യേണ്ട സമയം** | **രാവിലെ 9.30 മണി** |
| സിലബസ് | ഓഫീസ് പ്രവർത്തനത്തെ കുറിച്ചുള്ള പൊതുവായുള്ള അറിവ്, ബിരുദ തലത്തിലുള്ള പൊതുവിജ്ഞാനം, ഇംഗ്ലീഷ്, മലയാളം, കണക്ക് എന്നിവ അടിസ്ഥാനമാക്കി. |

പ്രാഥമിക എഴുത്ത് പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുന്നവർക്ക് പ്രായോഗിക പരീക്ഷ / അഭിമുഖം എന്നിവക്ക് ശേഷമായിരിക്കും നിയമനം.

അപേക്ഷകൾ സൂക്ഷ്മപരിശോധനക്ക് വിധേയമാക്കാതെയാണ് എല്ലാ ഉദ്യോഗാർഥികളെയും പ്രാഥമിക പരീക്ഷക്ക് അനുവദിച്ചിട്ടുള്ളത് എന്നതിനാൽ പിന്നീടുള്ള ഘട്ടങ്ങളിൽ മതിയായ യോഗ്യതയില്ല എന്ന് ബോധ്യപ്പെടുന്ന പക്ഷം നിയമനനടപടികളിൽ നിന്നും ഒഴിവാക്കുന്നതാണ്.

**ഉദ്യോഗാർത്ഥികൾക്ക് വ്യക്തിപരമായി അറിയിപ്പ് അയക്കുന്നതല്ല. പരീക്ഷക്ക് ഹാജരാകുന്ന എല്ലാ ഉദ്യോഗാർത്ഥികളും ഫോട്ടോ പതിച്ച ഒരു അംഗീകൃത തിരിച്ചറിയൽ കാർഡ് (*ഡ്രൈവിംഗ് ലൈസൻസ് / പാൻ കാർഡ് / പാസ്സ്പോർട്ട് /ഇലക്ഷൻ ഐഡി കാർഡ്/ആധാർ കാർഡ്*) നിർബന്ധമായും ഹാജരാക്കേണ്ടതാണ്.**

**എഴുത്ത് പരീക്ഷക്ക് ഹാജരാകുന്ന സമയത്ത് പ്രസ്തുത രേഖയുടെ ഒരു പകർപ്പ് പരീക്ഷാ കേന്ദ്രത്തിൽ ഹാൾ ടിക്കറ്റ് ലഭിക്കുന്നതിനായി സമർപ്പിക്കേണ്ടതുമാണ്**

(ഒപ്പ്)

**ആബിദലി പി**

ഡെപ്യൂട്ടി രജിസ്ട്രാർ

[രജിസ്ട്രാർക്ക് വേണ്ടി]